# വൻമുകം കോടിക്കൽ

## എ എം യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26

# ഉള്ളടക്കം :-

- ആമുഖം

- അടിസ്ഥാന വിവരങ്ങൾ

- ലക്ഷ്യങ്ങൾ

- വിദ്യാലയ ചരിത്രം

- വിദ്യാലയം മികവിന്റെ കേന്ദ്രം

- കാഴ്ചപ്പാട്

- അവസ്ഥാ വിശകലനം

- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനം-ഭൗതികം

- വിഷയമേഖലകൾ

- പ്രവർത്തന കലണ്ടർ

- മോണിറ്ററിംഗ്

- ഉപസംഹാരം

- വിദ്യാലയ വികസന സമിതിഅംഗങ്ങൾ

## ആമുഖം

കൊയിലാണ്ടി താലൂക്കിലെ വന്മുകം ദേശത്ത് കടലൂർ പ്രദേശത്ത് 1910 ൽ ഓത്തുപ ള്ളിക്കൂടമായി ആരംഭിച്ച സ്ഥാപനമാണ് ഇന്ന് നമ്മുടെ വന്മുകം കോടിക്കൽ എം. യു പി സ്കൂൾ ആയി വികസിച്ചത്. അറബിക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം ഭൂമി ശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങളാൽ വിദ്യാഭ്യാസരംഗത്ത് ഏറെ പിന്നോ ക്കമായിരുന്നു. ഈ അവസ്ഥയുടെ മോചനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പൂർവ്വ സൂരികൾ ഈ കലാലയത്തിന്റെ മുന്നേറ്റത്തിന് വേണ്ടി പരിശ്രമിച്ചു. ഇതിന്റെ ഫലമെന്നോണം ഇപ്പോൾ ഈ സ്ഥാപനം ദേശത്തിന്റെ പ്രകാശഗോപു രമായി ജ്വലിച്ചു നിൽക്കുന്നു.എങ്കിലും ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടുവരിക എന്ന വലിയ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. അതിൻറെ മുന്നോടിയായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം എന്നിവയിൽ അടിസ്ഥാന അറിവുകൾ ആർജിക്കാൻ നാം കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അത്തരം പഠനങ്ങൾ അനായാസകരവും ആസ്വാദകരവുമാക്കുന്ന തിന് ലാബ് ഒരുക്കുക, ഭാഷാ അടിസ്ഥാനത്തിലുള്ള സ്കൂൾ ലൈബ്രറി സ്ഥാപിക്കുക, കരി കുലം ബേസ്ഡ് റഫറൻസ് ഗ്രന്ഥങ്ങൾ സജ്ജീകരിക്കുക, ഇ ലൈബ്രറികൾ സജ്ജീകരി ക്കുക എന്നിവ ഭാഷാ പഠനത്തിന് ആക്കം കൂട്ടുവാൻ അധ്യാപകരെയും വിദ്യാർത്ഥികളെയും ഒരുപോലെ സഹായിക്കുന്നു. കുട്ടികളുടെ പഠനം കൂടുതൽ ഫലപ്രദമാക്കാൻ മുഴുവൻ ക്ലാസ്സ് മുറികളും ഇന്റർനെറ്റ് സംവിധാനത്തോട് കൂടി സ്മാർട്ട് ക്ലാസാക്കി മാറ്റേണ്ടിയിരിക്കുന്നു.

ഇക്കാര്യങ്ങൾക്കു പുറമേ എല്ലാ കുട്ടികളെയും കൗൺസിലിംഗിനു വിധേയമാക്കുകയും മനശാസ്ത്രക്ലാസുകൾ നൽകുകയും വേണം. കുട്ടികളുടെ പഠന താല്പര്യക്കുറവ്, അച്ചടക്ക രാഹിത്യം, പഠനപിന്നോക്കാവസ്ഥ, എന്നിവ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാവണം മനശാസ്ത്രക്ലാസുകളും കൗൺസിലിംഗും നടത്തേണ്ടത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി എല്ലാ കുട്ടികളെയും ഉയർന്ന നിലവാരത്തിലെത്തിക്കാൻ നമുക്ക് സാധിക്കുമെന്നതിൽ സംശയമില്ല. പരിസ്ഥിതി സൗഹാർദ്ദ വിദ്യാലയം എന്ന ആശയത്തിന് പ്രാധാന്യം നൽകിക്കൊ ണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കുട്ടികളെ പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കു കയും ചെയ്യുക. ഇതിന്റെ ഭാഗമായി നമ്മുടെ സ്കൂളിലെ ജൈവ വൈവിധ്യപാർക്ക് വിപുല പ്പെടുത്തുക. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ

ഉപയോഗം കുറയ്ക്കാനും അവ വേണ്ട വിധത്തിൽ സംസ്കരിക്കാനുള്ള നിർദേശങ്ങൾ കുട്ടികൾക്കു നൽകുകയും രക്ഷിതാക്കൾക്കും വിദ്യാർത്ഥകൾക്കും ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്യുക. കുട്ടികൾക്ക് ഡോക്യുമെന്ററി, നാടകങ്ങൾ എന്നിവ കാണ നുള്ള സൗകര്യമേർപ്പെടുത്തുകയും പരിസ്ഥി പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാ നുള്ള അവസരമൊരുക്കുകയും ചെയ്യുക.അവധി കാലത്ത് ചിത്രരചന, മ്യൂസിക് വാധ്യോപകരണങ്ങളുടെ പരിശീലനം എന്നിവ നൽകുക കൂടാതെ ക്രിക്കറ്റ്, വോളിബോൾ, ഫുഡ്ബോൾ, നീന്തൽ എന്നിവ പരിശീലിപ്പിക്കുക ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി നടപ്പിലാക്കി പിറന്നാളിനൊരു പുസ്തകം ലൈബ്രറിക്ക് പരിപാടി ആരംഭിച്ചിട്ടുണ്ട് , ക്ലാസ്സ് അധ്യാ പകരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കി(2025 ജൂൺ ആദ്യവാരം) അസംബ്ലിയിൽ പുസ്തകങ്ങൾ കൈമാറുന്നവിധത്തിൽ പദ്ധതി ആവിഷ്കരിക്കുക. ഗേൾസ് ഫണ്ട്ലീ ടോയ്‌ലറ്റ് ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും പ്രാഥമിക കൃത്യം നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ശുദ്ധജലവിതരണത്തിനും ശുചീകരണത്തിനും കുടിവെള്ളത്തിനും ആവശ്യമായ വാട്ടർടാപ്പുകൾ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഫ്രീകാമ്പസാക്കി മാറ്റുന്ന തിന്റെ ഭാഗമായി വേയ്സ്റ്റ് ഡബ്ബകൾ സ്ഥാപിച്ചിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : വന്മുകം കോടിക്കൽ എ.എം യു പി സ്കൂൾ |
| വിലാസം<br>പിൻ : 673529 | : വന്മുകം - കടലൂർ |
| പഞ്ചായത്ത് | : മൂടാടി |
| ഫോൺ | : 0496 2691148 |
| സ്കൂൾ കോഡ് | :16571 |
| വിദ്യാഭ്യാസ ഉപജില്ല | : മേലടി |
| വിദ്യാഭ്യാസ ജില്ല | : വടകര |
| റവന്യൂ ജില്ല | : കോഴിക്കോട് |
| ബി ആർ സി | : പന്തലായനി |
| സി ആർ സി | : ഗവ.എച്ച് എസ് വന്മുകം കടലൂർ |
| താലൂക്ക് | : കൊയിലാണ്ടി |
| കുട്ടികളുടെ എണ്ണം | :521 |
| ഇ. മെയിൽ | : vanmukamkodikkal@gmail.com |

## സ്കൂൾ പ്രാഥമിക വിവരങ്ങൾ

ഒന്ന് മുതൽ നാലു വരെ 2 ഡിവിഷനുകളും 5 മുതൽ 7 വരെ 3 വീതവും സ്കൂളിലുണ്ട്. ഇതിൽ എല്ലാ ക്ലാസുകളിലെയും ഒരു ഡിവിഷൻ ഇംഗ്ലീഷ്മീഡിയമാണ്. കൂടാതെ സ്കൂളിനോടനുബന്ധിച്ച് രണ്ട് ഡിവിഷൻ വീതമുള്ള LKG, UKG എന്നിവയും നടന്നുവരുന്നു.
സ്കൂളിൽ പാചകത്തൊഴിലാളിയുൾപ്പെടെ 26 ജീവനക്കാർ ജോലിചെയ്യുന്നു. ശുചീകരണത്തിനായി രണ്ട് താൽക്കാലിക ജീവനക്കാരുമുണ്ട്. പ്രീ പ്രൈമറി വിഭാഗ ത്തിൽ ഒരു ആയ ഉൾപ്പെടെ 5 പേരും ജോലി ചെയ്യുന്നു. നാലു ഡിവിഷനുകളിലായി 73 വിദ്യാർഥികൾ സ്കൂളിനോടനുബന്ധിച്ചുള്ള പ്രീ പ്രൈമറി കെട്ടിടത്തിൽ പഠിക്കുന്നു

ക്ലാസ് റൂമുകൾ -30

കമ്പ്യൂട്ടർ റൂം -1

ഓഫീസ് -1

സ്റ്റാഫ് റൂം -1

മിനിതിയ്യേറ്റർ -1

സ്മാർട്ട് ക്ലാസ് -1

ലൈബ്രറി -1

ശുചിമുറികൾ - ആൺകുട്ടികൾക്ക് 11

പെൺകുട്ടികൾക്ക് 14 (ക്ലോസറ്റോടുകൂടിയത്)

**കുടിവെള്ള സൗകര്യം :**

രണ്ട് കിണറുകൾ, വാട്ടർ കൂളർ, ക്ലാസുകളിൽ സ്റ്റീൽ ടംബ്ലറുകൾ, ടാപ്പുകൾ

**ഉച്ചഭക്ഷണം :**

ഉച്ചഭക്ഷണം സ്കൂളിൽ തന്നെ പാകം ചെയ്ത് നൽകുന്നു. ഓരോ ദിവസവും വൈവിദ്ധ്യമാർന്ന ഭക്ഷണ സാധനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇനങ്ങൾ പ്രദർശിപ്പിക്കു ന്നു. പോഷകാഹാരത്തിന്റെ ഭാഗമായി ആഴ്ചയിൽ രണ്ടു തവണ പാലും ഒരു തവണ മുട്ടയും നൽകുന്നു.

**സ്കൂൾ ഗ്രൗണ്ട് :**

കുട്ടികൾ യഥേഷ്ടം കളിക്കാനാവശ്യമായ ഗ്രൗണ്ട് സ്കൂളിനുണ്ട്.ന്നാൽ കൃത്യമായ രീതിയിൽ കായിക പരിശീലനം നൽകുവാൻ സ്കൂൾ ഗ്രൗണ്ട് പര്യപ്തമല്ല. നില വിലെ ഗ്രൗണ്ടിൽനിന്ന് മണൽ നീക്കം ചെയ്ത് ചുവന്ന മണ്ണ് നിറച്ച് ഗ്രൗണ്ട് മെച്ചപ്പെടുത്തേണ്ട തുണ്ട്.

**യാത്രാസൗകര്യം :**

കുട്ടികളുടെ യാത്രക്കായി 2 സ്കൂൾ ബസ്സുകൾ നിലവിലുണ്ട് .

## ലക്ഷ്യങ്ങൾ : -

* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

* ജൈവ വൈവിധ്യ ഔഷധപാർക്ക് സജീകരിക്കുക.

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട
പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

* സർഗ്ഗപരവും, അക്കാദമികവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.

* എല്ലാ ഭാഷകളിലും (പഠിപ്പിക്കുന്ന) ആശയ വിനിമയ ശേഷി കൈവരിക്കുക.

* രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ ഉറപ്പുവരുത്തുക.

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടിയെ മികച്ച എഴുത്തുകാരനും വായനക്കാരനുമാക്കിമാറ്റുക.

* കുട്ടികളിൽ ശാസ്ത്രാവബോധം, സാമൂഹ്യാവബോധം എന്നിവ വളർത്തുക.

* എല്ലാ കുട്ടികളും ഗണിത ശേഷി കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

* ദ്വൈമാസ പത്രിക പ്രസിദ്ധീകരിക്കുകയും കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുകയും രക്ഷിതാക്കൾക്ക് കൂടി വായിക്കാൻ വേണ്ടി വിതരണം നടത്തുക.

* കുട്ടികളുടെ കലാകായികശേഷി വികസിപ്പിക്കുന്നതിന് വേണ്ടി മുഴുവൻ കുട്ടികളുടെയും സിദ്ധികൾ കണ്ടെത്തി
പ്രോത്സാഹിപ്പിക്കുക

# വിദ്യാലയ ചരിത്രം

മഹാനുഭവനായ രായിൻ കുട്ടി മുസ്ല്യാർ 1910 ൽ ആരംഭിച്ച ഓത്തു പള്ളിക്കൂടമാണ് വന്മുകം കോടിക്കൽ എ.എം.യു. പി സ്കൂൾ ആയി വികസിച്ചത്.

ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഏറെ പ്രത്യേകതളുള്ള കോടിക്കൽ പ്രദേശത്തെ മുസ്ലിങ്ങളുടെ ഇടയിൽ ബ്രിട്ടീഷ് വിരോധത്താൽ വലിച്ചെറിയപ്പെട്ട ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ തട്ടി യുണർത്തുന്ന സർ, സയ്യിദ് അഹ്മദ്ഖാന്റെ നവോത്ഥാന ചിന്തയെ രായിൻ കുട്ടി മുസ്ല്യാരിലൂടെ അലയടിച്ചപ്പോൾ ഓത്തു പള്ളിക്കൂടത്തിൽ ഭൗതിക വിദ്യാഭ്യാസം ആരംഭിച്ചു. 1923 മുതലുള്ള രേഖ കളേ സ്കൂളിൽ ലഭ്യതയുള്ളൂവെങ്കിലും അതിന് മുമ്പെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എ.ഒ കൃഷണൻ മാസ്റ്ററായിരുന്നു സ്ഥാപനത്തിന്റെ അധിപൻ. പട്ടാള ഉദ്യോഗസ്ഥനായിരുന്ന കുറ്റിക്കാട്ടിൽ മൊയ്തു മാസ്റ്റർ ശ്രദ്ധേയനായ സഹ അധ്യാപകനായിരുന്നു. രായിൻ കുട്ടി മുസ്ല്യാ രിൽ നിന്ന് അയ്യൻ പറമ്പത്ത് കൃഷ്ണൻ നായർ ഏറ്റെടുത്ത സ്വപ്നം തയ്യിൽ ഖാദർ കുട്ടി സാഹിബ് അനുവദിച്ച സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. പുറത്തെ പീടികയിൽ ഇബ്രാഹിം കുട്ടി മുല്ലാക്കയായിരുന്നു മത അധ്യാപകൻ.

സാഹചര്യം പതനത്തിലേക്ക് നയിച്ച ഈ സ്ഥാപനം 1966 ൽ ശറഫുൽ ഇസ്ലാം കമ്മിറ്റി ഏറ്റെ ടുത്തു. പി. വി അബൂബക്കർ സാഹിബായിരുന്നു മാനേജർ. 1979 ൽ യു പി സ്കൂളായി ഉയർത്ത പ്പെട്ട സ്ഥാപനത്തിന്റെ മാനേജറായി കെ ആർ എസ് മാനേജിംഗ് ഡയറക്ടറായ വി. കെ മൊയ്തു ഹാജി 1983 ൽ ചുമതലയേറ്റു.

വിശാലമായ ഗ്രൗണ്ടും സൗകര്യപ്രദമായ കെട്ടിടങ്ങളും അഭിമാനത്തക്കദായ ആറ് സിസ്റ്റ മുള്ള കമ്പൂട്ടർ ലാബും ഇപ്പോഴുണ്ട്.

കാലത്തിന്റെ മണിമുഴക്കം കടലോര വാസികളുടെ കാതുകളിലും അനുരണനമുണ്ടാക്കി. വിദ്യയുടെ പടവുകൾ ഇവരും മെല്ലെ മെല്ലെ കയറിത്തുടങ്ങി. പൂർവ്വ വിദ്യാർത്ഥികളിൽ പലരും സ്വദേശത്തും വിദേശത്തും ഉന്നത സ്ഥാനങ്ങളിൽ എത്തിപ്പെട്ടിട്ടുണ്ട്.

മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ഇപ്പോൽ എം എൽ എ യുമായ പി. കെ. കെ ബാവനുൻ ഡെപ്യൂട്ടി തഹസിൽദാറും ഇപ്പോൾ ജില്ലാ പഞ്ചായത്ത് മെമ്പറുമായ സി. കുഞ്ഞമ്മദ് തുടങ്ങി യവർ ഈ വിദ്യാലയത്തിലെ പൂർവ്വ ആധ്യാപകരാണ്.

നാനൂറോളം വിദ്യാർത്ഥികളും ഇരുപത്തിനാലു സ്ഥാഫുകളും ഉള്ള ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ ശ്രീ. പി. ഹാഷിം മാസ്റ്ററാണ്

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് സെക്കന്ററി വിദ്യാഭ്യാസം നേടുന്നതിന് വിദ്യാർത്ഥികൾ കിലോമീറ്റർ താണ്ടി അകലെയുള്ള സ്കൂളുകളിൽ എത്തിച്ചേരേണ്ടതിന്റെ പ്രയാസം വളരെ വലുതാണ്. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി ഉയർത്താനുള്ള ശ്രമം വർഷങ്ങൾക്ക് മുമ്പേ ആരംഭിച്ചുവെങ്കിലും ഇന്നും ഇത് പൂവണിഞ്ഞിടിടില്ല. മാനേജറുടെയും

നാട്ടുകാരുടെയും കൂട്ടായ ശ്രമത്തിലൂടെ ആ ചിരകാല അഭിലാഷം നമുക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കട്ടെ.

2009 ൽ ഒന്ന് മുതൽ ഇംഗ്ലീഷ്മീഡിയം ക്ലാസ് തുടങ്ങി ഇപ്പോൾ എൽ. കെ. ജി മുതൽ 7 വരെ ഒരു ക്ലാസ് ഇംഗ്ലീഷ് മീഡിയമാണ്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു. അത്കൊണ്ട്തന്നെ സമീപ പ്രദേശങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഇങ്ങോട്ട് വന്ന്കൊണ്ടിരിക്കുന്നു. പിന്നോക്കക്കാർക്ക് അവധാക്കാല ക്ലാസ്, യു.പി ക്ലാസുക ളിലെ കുട്ടികൾക്ക് വർഷത്തിൽ ഇംഗ്ലീഷ് ക്യാമ്പുകൾ, അവധിദിവസം ദിവസം സ്പെഷൽ കോച്ചിംഗ്, സ്കൂൾ വിട്ടതിന് ശേഷം വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം ,ഫുട്ബോൾ പരിശീലനം , പെൺകുട്ടികൾക്ക്  സ്കൗട്ട് എന്നിവയുണ്ട്. അന്യമായിക്കൊണ്ടിരിക്കുന്ന കൃഷിയെപറ്റി വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കാൻ കാർഷിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പച്ചക്കറിത്തോട്ടം എന്നിവ ഉദാഹരണങ്ങളാണ്.

സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പി. ടി. എ യുടെ പൂർണ്ണ സഹകരണമുണ്ട്. പി.ടി എ യും മാനേജ്മെന്റും അധ്യാപകരും ഒത്തൊരുമിച്ച് പ്രവർത്തിച്ചുകൊണ്ട് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട്കൊണ്ട് പോകാൻ സാധിച്ചു. എല്ലാവർക്കും നന്ദി പറയുന്നു. ഇനിയും നമുക്ക് ഒരുപാട് മുന്നോട്ട് പോകാനുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

*  എല്ലാകുട്ടികളുടെയും വിവിധങ്ങളായ കഴിവുകൾ കണ്ടെത്തി വിദ്യാലയാന്തരീക്ഷം  ഒരു ടാലെന്റ്റ് ലാബ് എന്ന ആശയം പൂർണ്ണമായും ഫലപ്രദമാക്കുക.

* അക്കാദമിക നിലവാരത്തെ കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരിക്കൽ

* പൂർണ്ണ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട്.

* പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള കാഴ്ചപ്പാട്.

* പരിസ്ഥിതി അവബോധ വികാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട്.

* പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും സംബന്ധിച്ചുള്ള കാഴ്ചപ്പാട്. പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം.

* രക്ഷിതാക്കളുടെ അക്കാദമി പ്രവർത്തന പിന്തുണ.. വായന, എഴുത്ത് എന്നിവയുമായി ബന്ധപ്പെട്ട കാഴ്ചപ്പാട്.

* പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

* സമീകൃതാഹാരം ലഭ്യമാക്കുന്നതിനുള്ള നടപടിക ക്രമങ്ങൾ.

* വ്യക്തി - പരിസര ശുചീകരണത്തിനുള്ള അറിവ് നേടൽ.

* പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കാനുള്ള കഴിവ് ആർജിക്കും.

* സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായക മായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും ഒരുക്കുക.

* സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

# അവസ്ഥാ വിശകലനം

**മികവുകൾ** : - സ്കൂളിലെ പൂർവ്വ വിദ്യാർഥികളിൽ ധാരാളം പേർ ഇന്ന് സമൂഹത്തിൽ ഉന്തസ്ഥാനമലങ്കരിക്കുന്നവരായുണ്ട്. യുവശാസ്ത്രജ്ഞൻ, ഡോക്ടർ, എഞ്ചിനിയർ, PHD നേടിയവർ, കൃഷി, മത്സ്യബന്ധനം, എന്നിങ്ങനെ വിവിധതൊഴിൽ നൈപുണി നേടിയവരുടെ പട്ടിക നീളുന്നു. ഇവിടെ നിന്നും പഠിച്ചിറങ്ങിയ നല്ലൊരു ശതമാനം കുട്ടികളും SSLC, Plus Two പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും A+ നേടിയിരിക്കുന്നു.

ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയവരിൽ Sports School ൽ പ്രവേശനം നേടിയവരുമുണ്ട്.

* കലാ കായിക - പ്രവൃത്തി പരിചയ - സാമൂഹ്യ ശാസ്ത്രമേളകളിൽ സ്കൂളിന് നല്ല രീതിയിൽ മുന്നേറാൻ കഴിയുന്നു.

* അധ്യാപകരുടെ മികച്ച സേവനം സ്കൂളിന് വേണ്ടരീതിയിൽ ലഭിക്കുന്നു.

* LSS - USS പരിശീലനം എന്നിവ നല്ല രീതിയിൽ നടക്കുന്നു.

* ഭൗതികം :

* ആവശ്യമായ ക്ലാസ്മുറികളും ശുചിമുറികളും സ്കൂളിനുണ്ട്.

* ഡിജിറ്റൽ ബോർഡ്, ഇന്റർനെറ്റ്, കമ്പ്യൂട്ടർലാബ് മുതലായ സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാണ്.

* വൃത്തിയുള്ള അടുക്കളയും, കുടിവെള്ളത്തിനാവശ്യമായ രണ്ട് കിണറുകളും സ്കൂളി ലുണ്ട്.

* എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിച്ചിരിക്കുന്നു.

* കായിക പരിശീനത്തിനാവശ്യമായ വിശാലമായ ഗ്രൗണ്ട് സ്കൂളിനുണ്ട്

# പരിമിതികൾ - മേഖലകൾ

## അക്കാദമികം :

* 1 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.

## ഭൗതികം :

ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ലാബോറട്ടറി, എന്നിവയുടെ അഭാവം.

എല്ലാ ക്ലാസ്റൂമുകളിലും ഐ സി ടി അധിഷ്ടിത പഠനം ഉറപ്പാക്കുന്നതിനാവ ശ്യമായഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

കുട്ടികളുടെ വിവിധ നൈപുണികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ പരിമിതികൾ ഉണ്ടാകുന്നു.

## സാമൂഹികം :

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംആവശ്യമായ സാമൂഹ്യപങ്കാളിത്തം ലഭ്യമാകുന്നില്ല.

പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, SSG, PTA എന്നിവ രുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

പ്രദേശത്തെ പ്രതിഭകളുടെ സഹായം പൂർണ്ണമായും സ്കൂളിന് ലഭിക്കുന്നില്ല.

കല, സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

കലാ കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്ന തിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല

# വിഷയ മേഖലകൾ : -

വരും വർഷങ്ങളിൽ പ്രകടമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അക്കാദമിക രംഗത്ത് വിദ്യാല യത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ ഒത്തൊ രുമിച്ചുള്ള പ്രവർത്തനമാണ് ആവശ്യം. വ്യത്യസ്ത വിഷയ മേഖലകളിൽ ദീർഘവീക്ഷണത്തോ ടുകൂടെയാണ് സമയബംന്ധിതമായി പാഠ്യപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്തരൂപം നൽകേണ്ടതുണ്ട്. അതിനായി സർഗാത്മ കവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകണം. അടുത്ത 3 വർഷം കൊണ്ട് പൂർത്തിയാക്കുന്ന പ്രവർത്തന പദ്ധതികളാണ് ഇവിടെ വിവിധമേഖലകളിലായി വിശദീകരിച്ചിരിക്കുന്നത്.

പ്രവർത്തനങ്ങളെ ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഓരോ പ്രവർത്തനത്തിന്റെയും ചുമതല, സാമ്പത്തികം, എന്നിവ വിശദമാക്കിയിട്ടുണ്ട്. വിവിധ ഏജൻസികളുടെ സഹായങ്ങൾ ലഭ്യമാവുകയാണെങ്കിൽ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുമെന്ന് ശുഭാപ്തി വിശ്വാസമുണ്ട്.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

ഭൗതികം :-

ഗ്രൗണ്ട് നവീകരണം

| | | |
|---|---|---|
| സ്പോർഡ്സിന്<br>ഗ്രൗണ്ട് നവീകരണം | 50000 | പൂർവ്വ വിദ്യാർത്ഥികൾ<br>പി ടി എ |

ജൈവ വൈവിധ്യഉദ്യാനം

ലക്ഷ്യം : - ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കുക.

| പ്രവർത്തനം | സാമ്പത്തികം | ഏജൻസി |
|---|---|---|
| ജൈവവൈവിധ്യ ഉദ്യാന നിർമ്മിതി<br>ഔഷധത്തോട്ട നിർമ്മാണം<br>കൃഷിത്തോട്ടം<br>ജലസംരക്ഷണസംവിധാനം ഒരുക്കൽ<br>വേനൽ പച്ചയുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ശലഭോദ്യാന നിർമ്മാണം | 2, 50,000 | എം പി, എം എൽ എ പൂർവ്വവിദ്യാർത്ഥികൾ, എസ് എസ് എ |

ലൈബ്രറി ശാക്തീകരണം

ലക്ഷ്യം : - സ്കൂളിൽ ഒരു മികച്ച ലൈബ്രറി നിർമ്മിക്കുക

| പ്രവർത്തനം | സാമ്പത്തികം | ഏജൻസി |
|---|---|---|
| മുറി സജീകരിക്കുക<br>പുസ്തക ശേഖരണം തരം തിരിക്കുക<br>രക്ഷിതാക്കൽക്ക് വിതരണം ചെയ്യുക.<br>ദ്വൈമാസപത്രിക നിർമ്മാണം. വാർഷിക പതിപ്പ് | 100000 | പി ടി എ പൂർവ്വ വിദ്യാർത്ഥി കൾ തദ്ദേശസ്ഥാപനം |
| സിമ്മിംഗ്പൂൾ നിർമ്മാണം | 300000 | മേനേജർ |

ടാലന്റ് ലാബ്

ലക്ഷ്യം :കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.

| പ്രവർത്തനം | സാമ്പത്തികം | ഏജൻസി |
|---|---|---|
| കുട്ടികളുടെ കഴിവുകൾ കണ്ടെത്തുക വിവിധ മേഖലകളാക്കി തിരിക്കുക ഓരോ മേഖലകളിലും പരിശീലനം നൽകുക | 50000 | പൂർവ്വ വിദ്യാർത്ഥികൾ |

# ഭാഷ : മലയാളം

ആമുഖം : -

മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിച്ചുണ്ട് എങ്കിലും മാതൃഭാഷയെ സ്നേഹിക്കുന്ന തിൽ സമൂഹം വൈമനസ്യം കാണിക്കുന്ന ഒരു പ്രവണത കേരളത്തിൽ കണ്ടുവരുന്നു. ഇത് പരിഹരിക്കണമെങ്കിൽ വിദ്യാർത്ഥികളിൽ താഴ്ന്ന ക്ലാസുകളിൽ നിന്നു തന്നെ മാതൃഭാഷാ സ്നേഹം വർദ്ധിപ്പിക്കേണ്ടത് അധ്യാപകരുടെ ശ്രദ്ധയിൽ ഉണ്ടാവേണ്ടതാണ്. ജന്മസിദ്ധമായ ഭാഷാശേഷി, കുടുംബാംഗങ്ങളോടും മറ്റുള്ളവരോടുമുള്ള സംസർഗം വഴി നേടിയ വിനിമയ ശേഷി എന്നിവയോടുകൂടിയാണ് കുട്ടികൾ വിദ്യാഭ്യാസത്തിലെത്തുന്നത്. കേവലമായ ആശയ വിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. മനുഷ്യൻ സ്വന്തം വികാര വിചാരങ്ങൾ പ്രകടിപ്പി ക്കുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ ഉപയോഗപ്പെടുത്തിയാണ്. ലോകത്തെ അറിയുന്നതിനും വ്യാഖ്യാനിക്കുന്നതിനും സാമൂഹിക ജീവിതത്തിന്റെ ഇഴകൾ നെയ്യുന്നതിനും ഭാഷ വേണം. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ ആത്യന്തിക ലക്ഷ്യം.ഇതിന് വേണ്ടി പല പ്രവർത്തനങ്ങളും ക്ലാസ്റൂമുകൾക്ക് പുറത്ത് നടത്തേണ്ടതുണ്ട്. ഇതിന് ആവശ്യമായ സമയം കണ്ടെത്തുക എന്നതും ഒരു പ്രശ്നമാണ്. എന്നിരുന്നാലും എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ട് മുന്നോട്ട് പോകണം.

**പ്രശ്നങ്ങൾ : -**

1 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് നേടാൻ കഴിയുന്നില്ല.

പഠന പ്രവർത്തനത്തിന്റെ ഭാഗമായി ഐ. സി. ടി സാധ്യത ഉപയോഗിക്കാൻ കഴിയുന്നില്ല. ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവയുടെ അഭാവം.

1,2 ക്ലാസുകളിൽ കുട്ടികളിൽ കുട്ടികൾക്ക് നേടേണ്ട അടിസ്ഥാന ശേഷികൾ ലഭിക്കുന്നില്ല.

ചിഹ്നം, അക്ഷരങ്ങൾ എന്നിവ മനസ്സിലാക്കാനും എഴുതാനുമുള്ള പ്രയാസം. എൽ പി, യു പി കുട്ടികളിൽ വായനയുടെയും ലേഖനത്തിന്റെയും കുറവ്. സർഗാത്മക താത്പര്യക്കുറവ്.

എല്ലാ കുട്ടികളെയും ഒരുപോലെ പരിഗണിക്കനുള്ള സമയക്കുറവ്. രക്ഷിതാക്കളുടെ പങ്കാളിത്തത്തിന്റെ കുറവ്.ആശയം ഗ്രഹിച്ചുകൊണ്ട് വായിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല.

## പരിഹാര പ്രവർത്തനങ്ങൾ :-

**പ്രി ടെസ്റ്റ് : -**

* അദ്ധ്യയന വർഷം ആരംഭിക്കുന്ന ആഴ്ചയിൽ തന്നെ എല്ലാ കുട്ടികൾക്കും വായന എഴുത്ത് എന്നിവയിൽ നിലവാരം അറിയുന്നതിന് പ്രി ടെസ്റ്റ് നടത്തുക.

* അടിസ്ഥാന ഭാഷാശേഷി വികസിപ്പിക്കൽ : - പാഠഭാഗവുമായി ബന്ധപ്പെട്ട എഴു ത്തിനും വായനയ്ക്കുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* സി പി ടി എ : - പ്രതിമാസം സി പി ടി എ വിളിച്ചു ചേർത്ത് കുട്ടികളുടെ മികവു കളും പരിമിതികളും വിലയിരുത്തുക.

* ശില്പശാലകൾ : - (കഥ, കവിത, നാടകം)

* കുട്ടികളുടെ കഥകൾ, കവിതകൾ സർഗ്ഗാത്മക കഴിവുകൾ എന്നിവ പ്രകടിപ്പി ക്കാനുമുള്ള അവസരം.

**ക്ലാസ് ലൈബ്രറിയും വായനാമൂലയും**

വായനക്കളരികൾ സംഘടിപ്പിക്കുക

കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കാനും അത് വായിക്കാനുമുള്ള സൗകര്യം, പത്രം, മാഗസിനുകൾ, കഥപുസ്തകങ്ങൾ കവിതാ പുസ്തകങ്ങൾ എന്നിവ ക്ലാസിൽ ഒരുക്കാം.

**കുട്ടികളുടെ കൈയ്യെഴുത്ത് :**

കുട്ടികളുടെ സൃഷ്ടടികളായ, ചുമർ പത്രം, മാഗസിൻ, എന്നിവ നിർമ്മിക്കാനുള്ള ശേഷി വികസിപ്പിക്കുക.

ഭാഷാശേഷി വികസിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായ വർക്ക്ബുക്കുകൾ പ്രിന്റ് ചെയ്യിച്ച് എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുകയും നിരന്തരമായി പരിശീലിപ്പിക്കു കയും ചെയ്യുക

**കൂടെ ഞങ്ങളുണ്ട് :**

രണ്ടു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ്സുകളും പ്രവർത്തനങ്ങളും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടക്കും

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് 1

**സ്കൂൾ വൻമുഖം കോടിക്കൽ എ എം യു പി സ്കൂൾ**

**ഉപജില്ല : മേലടി**

**ക്ലാസ് അധ്യാപിക : ജാക്കിഷ സി എം സി കെ**

**ഫോൺ നമ്പർ : 8086341941**

## ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024 25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ പ്രവർത്തനം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട് പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ രചനോത്സവം പാട്ട് ഇറങ്ങി വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത് ഒന്നാം ക്ലാസുകാരെ സ്വതന്ത്ര വായനക്കാരും തനിച്ചെഴുത്തുകാരും ആക്കി മാറ്റാൻ ഇവയ്ക്കൊക്കെ സാധിച്ചിട്ടുണ്ട് വാർഷിക പരീക്ഷയിലും കുട്ടികൾക്ക് ചോദ്യങ്ങൾ തനിയെ വായിച്ചു ഉത്തരമെഴുതാൻ സാധിച്ചു

### അവസ്ഥാ വിശകലനം

ഈ അക്കാദമിക വർഷം വർഷം 1 ബി ക്ലാസ് 27 കുട്ടികളാണ് പ്രവേശനം നേടിയത് എല്ലാ കുട്ടികളും പ്രീ പ്രൈമറിനു അനുഭവമുള്ളവരാണ്

### മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ

കുട്ടികൾക്ക് സദസ്സിനു മുമ്പാകെ കാര്യങ്ങൾ ആശയ വ്യക്തതയോടെ കൂടി അവതരിപ്പിക്കാൻ പ്രാപ്തരായി കുട്ടികൾ ഡയറി വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കാൻ കഴിവ് നേടി സർഗാത്മക കഴിവുകൾ വികസിപ്പിക്കാൻ കുട്ടികൾ മുമ്പത്തേക്കാളും അവസരം ഉണ്ടാക്കുകയും അവ ഉപയോഗപ്പെടുത്തുകയും ചെയ്തു വാർഷിക പരീക്ഷക്ക് കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കി പരീക്ഷ എഴുതാൻ പ്രാപ്തരായി

### നേരിട്ടപ്രശ്നങ്ങൾ

പാഠഭാഗങ്ങൾ കൂടുതലായതിനാൽ അർദ്ധ പരീക്ഷക്ക് ശേഷം ആശയങ്ങൾ മുഴുവനായി കുട്ടികളിലേക്ക് എത്തിച്ചു മുന്നോട്ടുപോകാൻ ഏറെ പ്രയാസപ്പെട്ടു. അതുകൊണ്ട് തന്നെ പിന്നോക്കരെ മുന്നോട്ടുകൊണ്ടുവരാൻ സമയക്കുറവ് അനുഭവപ്പെട്ടു ഗണിതത്തിലാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലായി അനുഭവപ്പെട്ടത്

## വാർഷിക ലക്ഷ്യങ്ങൾ

ചെറു സദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തൻറെ അനുഭവങ്ങൾ ആശയങ്ങൾ ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിനുള്ള കഴിവ് നേടുക ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം എന്ന രൂപങ്ങളിൽ ഏത് പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക ഓരോ കുട്ടിയും ചെറു സദസിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

**ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ**

* ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക
* പൂർണ്ണപങ്കാളിത്തമുള്ള ക്ലാസ് പിടിഎ ഉറപ്പാക്കുക
* എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായ്മ താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക
* വായിച്ചുകേട്ട കഥ ക്ലാസ്സിൽ ആശയ ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാ വേള നടത്തുക
* ഓരോ കുട്ടിയുടെയും പ്രവർത്തനത്തിന്റെയും പ്രധാന ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ സംഘടിപ്പിക്കുക
* എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടത്താളത്തിൽ വന്ന് അവതരണം നടത്താനും സഹായമാകും വിധം ഒന്നാം ക്ലാസ് ക്രമീകരിക്കുക

**ജൂൺ മാസത്തെ പ്രവർത്തനങ്ങൾ**

* പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ
* ഒന്നൊരുക്കം 10 ദിവസത്തെ സന്നദ്ധത പ്രവർത്തനങ്ങൾ
* കഥാവേള
* വായന കാർഡുകൾ
* സംയുക്ത വിലയിരുത്തൽ

# ഒന്നാം ക്ലാസ് തനത് പരിപാടി

***ഒന്നാം ക്ലാസ് ഒന്നാന്തരം ആക്കാനുള്ള പരിപാടി***

ഈ അധ്യയന വർഷം അവസാനിക്കുമ്പോൾ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും തനിച്ചെഴുത്തുകാരും സ്വതന്ത്ര വായനക്കാരും ആക്കാനുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്

**ജൂലൈ**

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ (രക്ഷിതാവിൻറെ സഹായം) കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാ മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ
* ചിത്രവായനയ്ക്ക് അവസരം നൽകുന്നു

**ആഗസ്റ്റ്**

* സംയുക്ത ഡയറി എഴുത്തു തുടരുന്നു പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്ന
* അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ

**സെപ്റ്റംബർ**

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
* വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു

**ഒക്ടോബർ**

* ആസ്വാദ്യകരമായ വായന നടത്തുന്നു (വായനോത്സവം ചിത്ര വായന )
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
* ഭിന്നനിലക്കാർക്ക് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

**ഡിസംബർ**

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു
* രചനശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

**നവംബർ**

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്തു കൂട്ടുന്നു

  ചിത്ര വായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ടു കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു

  അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു

**ജനുവരി**

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്ന ലഘുരചന ശില്പശാല നടത്തുന്നു
* സംയുക്ത ഡയറിയിലെഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളുകൾ സൂക്ഷിക്കുന്നു
* ആത്മവിശ്വാസത്തോടെ സ്വതന്ത്രരായി വായിക്കാൻ അവസരം നൽകുന്നു

**ഫെബ്രുവരി**

* ഭാഷോത്സവം രചനോത്സവം
* കുട്ടികൾ രചനകൾ ചേർത്ത് പുസ്തകം രൂപപ്പെടുത്തുന്നു
* കൂടുതൽ ആത്മവിശ്വാസത്തോടെ എഴുതാനും വായിക്കാനും അവസരം നൽകുന്നു

**മാർച്ച്**

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ എന്നിവ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം
* വീട്ടു വായന അമ്മ വായന സ്വന്ത വായന ചങ്ങല വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു

# ENGLISH

*The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart*
*The academic master plan is designed to ensure that not a single child goes illiterate*

## Objectives and learning outcomes

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

## June

* Introduce symbol words.
* Provides picture cards.

## July

* Identify familiar words.
* Say familiar words.
* Read familiar words.
* Write familiar words.

**August**

*　Enjoy songs and sings them with Rhythm and action.

*　Describes orally about pictures and objects using adjectives.

**September**

*　Read and write simple words and Simple sentences

*　Provides picture cards and reading cards.

**October**

*　Introduce symbol picture descriptions.

*　Make word chain, sentence chain.

*　Make riddles.

*　Describing words, rhyming words.

*　Text book activities.

**November**

*　Prepare reading cards.

*　Provide more opportunities to read, right and speak English

*　Writes five English words daily.

**December**

* Read and understand simple instructions in the classroom.
* Encourage digital reading.

**January.**

* Enjoy songs and sings them with Rhythm and action.
* Make picture albums.
* Collect pictures of animals and its young ones.

**February**

* provide the opportunity to express myself in the classroom.
* English assembly once in a week.

**March**

* Speaks English fluently.
* Read and write simple sentences
* Picture reading and picture description.

# ഗണിതം

***ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഭാഷയിലും ശാസ്ത്രത്തിലും മറ്റു ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ് ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ് പാട്ടുകളിലൂടെയും കളികളുടെ ആസ്വാദ്യകരമാക്കാവുന്നതാണ്***

## ലക്ഷ്യങ്ങൾ

ഒന്നുമുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എഴുതുന്നു

അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

ഒരക്ക സംഖ്യകൾ എഴുതുന്നു വായിക്കുന്നു

ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു

സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു

രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം

ഒരൊക്ക സംഖ്യകളുടെ വ്യാഖ്യാനം

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു
* സംഖ്യാ കാർഡ് നിർമ്മിക്കൽ

**ജൂലൈ**

* ഗണിത പഠനത്തിന് സഹായകരമാവുന്ന തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു
* സംഖ്യാ കാർഡ് നിർമ്മിക്കൽ

**ഓഗസ്റ്റ്**

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു

  കൂടുതൽ കുറവ് തിരിച്ചറിയുന്നു
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

**സെപ്റ്റംബർ**

* സംഖ്യ ഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സംഘലന ക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

**ഒക്ടോബർ**

* ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ്
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

**നവംബർ**

* സംഖ്യ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
* ഒരൊക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

**ഡിസംബർ**

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

**ജനുവരി**

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സകലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു

  1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

**ഫെബ്രുവരി**

* ഗണിത ആൽബം പ്രദർശിപ്പിക്കുന്നു
* വിലവിവര പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

**മാർച്ച്**

* ഗണിതശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി ,തുല്യം എന്നിവ തിരിച്ചറിയുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ

## രണ്ടാം ക്ലാസ്

# മലയാളം

## ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷ വികാസം വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് മാസ്റ്റർ എല്ലാ വിഷയത്തിലും നൈപുണ്യ നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയ പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുത്തുക

ചിത്രങ്ങളെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു

## ജൂൺ

* ചിത്ര കാർഡുകൾ നൽകൽ
* ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ
* വായന സാമഗ്രികൾ നിർമ്മിക്കൽ

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു
* ദിനാചരണവുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* വീട്ടു ലൈബ്രറി
* ഒരുക്കൽ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

* ചിത്രവിവരണം സെപ്റ്റംബർ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ * ആക്കൽ വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾ രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

* കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം
* പതിപ്പ് തയ്യാറാക്കൽ

ആന

വലിയ ആന

കറുത്ത വലിയ ആന

**നവംബർ**

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകത പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

**ഡിസംബർ**

* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു

**ജനുവരി**

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരുക്കൽ
* വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ

**ഫെബ്രുവരി**

* എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ
* ഭാഷണം ലേഖനം എഴുത്ത് കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള അവസരം ഒരുക്കൽ

**മാർച്ച്**

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കുക
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്ത് മാസിക മാഗസിനുകൾ തയ്യാറാക്കുക
* ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* വീട്ടുവായന കൂട്ടു വായന അമ്മ വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

# രണ്ടാം ക്ലാസ് ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത് ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിത പ്രവർത്തനത്തിലും തത്പരമായ നേടിയെടുക്കേണ്ടത് നേടിയെടുക്കുകയും വേണമെന്ന് ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നത്

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യ ബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുംസങ്കലനംവ്യവകലനംപ്രശ്നഅപഗ്രഥനംഎന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതശയങ്ങൾ ഉറപ്പിക്കൽ

* ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു എഴുതുന്നു നൂറിൽ താഴെ

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

***ഗണിതശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു***

## പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

**ജൂൺ**

* 1,2,3,4,...
  1,3, 5,7,..
  10,20,30,40,...
  5,10,15,20,..
  2 ,4,6,8,...

തുടങ്ങിയ പാറ്റേണുകളിലെ സംഖ്യ ബോധം കണ്ടെത്തൽ
ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്ന് കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

**ജൂലൈ**

* ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ

* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ  പത്തിന്റെയും ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

**ആഗസ്റ്റ്**

* വിവിധ പാറ്റേണുകൾ രൂപീകരിക്കുക

* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ (99 നോട് ഒന്നു കൂട്ടിയാൽ 100 ,പത്തു പത്തുകൾ ചേർന്നാൽ നൂറ് ,  നൂറ് ഒന്നുകൾ ചേർന്നാൽ 100 ആവും )

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

* ഗണിതകിറ്റിലെസാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

* വിലവിവര പട്ടിക തയ്യാറാക്കൽ

* ക്ലാസിൽ ഒരു കട സ്കൂളിൽ ഒരു കട

* ഗണിതശയങ്ങൾ പ്രയോഗ രീതിയിൽ  ഉറപ്പിക്കുന്നു

**ഒക്ടോബർ**

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിതബന്ധം ഉണ്ടെന്ന് കണ്ടെത്തൽ ,പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ ),5 10 15 20 25 വീതം കൂട്ടിയാൽ പ്രശ്നം വിശകലനം ചെയ്യാം

**നവംബർ**

* സ്ഥാനവില  തിരിച്ചറിഞ്ഞ് പ്രായോഗിക പ്രശ്നം പരിഹരിക്കുന്നതിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യകൾ എഴുതൽ

* ക്ലാസിന് ഒരു കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ

*നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ (10 രൂപ 5 രൂപ 15 രൂപ നോട്ട് നാണയം )

**ഡിസംബർ**

* സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ

* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാന വില പോക്കറ്റ് അബാക്കസ് നിർമിക്കൽ

* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

**ജനുവരി**

* വിലവിവര പട്ടിക തയ്യാറാക്കൽ

* വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ

* പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർദ്ധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുത്തുന്ന പ്രായോഗികപ്രശ്നങ്ങൾ നിർദ്ധനം ചെയ്യൽ

**ഫെബ്രുവരി**

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ

* ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നത്

* ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ കലണ്ടറിൽ ചുവന്ന അക്കങ്ങളും

* കറുത്ത ആക്കങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

*കലണ്ടർ സംഖ്യ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ ഗണിതശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക

# English

**Aim:**

To Speak, Read & write English without any mistake

Time June to march

**June- Pretest**

* to develop listening skills & reading skills first
* Listening skills
* Games, Action songs Hello English activities, conversation Skit, stories
* Use ICT

**July**

* Augspeaking skills
* Description,
* growing sentences
* Picture reading
* Picture description

* self introduction
* Assembly activities
* Speech
* book review
* quiz
* riddles
* self introduction
* School radio etc..

**August, September**

* Reading skills
* News paper reading
* Llibrary books,
* Reading
* Book review reading
* Breaking news
* Find words
* Collect and read past tense
* Rhyming words,

* Describing words
* Text book activities.

**October November**

* writing skills
* Make word web
* Picture description
* word chain
* sentence chain
* make words & sentences
* make riddles,conversation,add more line.
* develop story
* description
* notice
* proclamation
* diary
* letter
* Announcement
* magazines

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് 3

# ഗണിതം

ആസ്വദിച്ചു പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം പ്രവർത്തനങ്ങളെ കളിയായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ട് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത് കുട്ടികളുടെ താല്പര്യം വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട് ചിന്താവിചലനാത്മക ചിന്ത പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിൽ ജോമെട്രി സഹായകരമാണ് അമൂർത്തമായ ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് ജാമിതി പ്രയോജനപ്രദമാണ് തലപരവും ദിശാപരമായി വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നുണ്ട്

നിത്യജീവിത സന്ദർഭങ്ങളിലെ സഖ്യകളുടെ വ്യവകലന പ്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു രണ്ടുമൂന്നക്ക സംഖ്യകളുടെ സംഘടനക്ക് ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുത്താനും സന്ദർശനം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യാനും ലക്ഷ്യമിടുന്നു മനഗണിതത്തിന് പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്

200 വരെയുള്ള സംഖ്യകൾ പറയുക വായിക്കുക എഴുതുക എന്നീ ചേച്ചികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലേക്ക് ഗണിത പഠനം ലക്ഷ്യം വെക്കുന്നു

